(സി) പശ്ചിമ ഘട്ടത്തിലെ മൂന്നാർ ഭൂവിഭാഗത്തിന്റെ കാർഷിക വന ജൈവ വൈവിദ്ധ്യ മേഖലയുടെ പരിപോഷണവും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക ഉന്നമനവും ലക്ഷ്യമാക്കിയുള്ള ഒരു പദ്ധതിക്ക് (Mountain Landscape Project in High Ranges of Western Ghats, Munnar) ഐക്യ രാഷ്ട്ര സംഘടനയുടെ ഘടക സംഘടനയായ യുണൈറ്റഡ് നേഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (യു.എൻ.ഡി.പി.) രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി അന്തർ ദേശീയ പരിസ്ഥിതി വികസന നിധിയായ GEF-ൽ നിന്നും 7 ദശലക്ഷം യുഎസ്ഡോളറിന്റെ ഗ്രാന്റ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്.

കേരള പിറവിയുടെ 50-ാം വാർഷികവുമായി ബന്ധപ്പെട്ട് വച്ചുപിടിപ്പിച്ച മാന്തോപ്പുകൾ

235 (6385) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പിറവിയുടെ 50-ാം വാർഷികവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വനംവകുപ്പിന്റെ നേതൃത്വത്തിൽ മാന്തോപ്പുകൾ ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വച്ചുപിടിപ്പിച്ച മാന്തോപ്പുകളിൽ എത്രയെണ്ണം എത്ര ജില്ലകളിൽ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മാന്തോപ്പുകളുടെ തുടർ പരിപാലനപ്രവൃത്തികൾ വനം വകുപ്പ് നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ജില്ലകളിലും ഇതിനായി ചെലവഴിച്ച തുക വർഷംതിരിച്ച് വ്യക്തമാക്കുമോ ;

(സി) ഓരോ ജില്ലകളിലും നട്ടുപിടിപ്പിച്ച മാവിൻതൈകളുടെ എണ്ണവും ഇപ്പോൾ എത്രയെണ്ണം വീതം അവശേഷിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) മാന്തോപ്പുകളിൽ നട്ടമാവിൽനിന്നും കായ്ഫലം ലഭിച്ചുതുടങ്ങിയിട്ടുണ്ടോ ;

(ഇ) വനംവകുപ്പിന്റെ ഏതെങ്കിലും ജില്ലയിലെ മാന്തോപ്പിനായി കണ്ടെത്തിയ ഭൂമിയിൽ കയ്യേറ്റമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ കയ്യേറ്റം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള പിറവിയുടെ 50-ാം വാർഷികവുമായി ബന്ധപ്പെട്ട് സാമൂഹ്യ വനവൽക്കരണ വിഭാഗത്തിനു കീഴിൽ മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷവു കീഴിൽ നിലമ്പൂർ സൗത്ത് ഡിവിഷൻ ഓഫീസ് വളപ്പിൽ 50 കാട്ടുമാവിൻ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഓരോ മാന്തോപ്പുകൾ വച്ചുപിടിപ്പിക്കുകയും, ആയവ അവശേഷിക്കുന്നുമുണ്ട്. നിലമ്പൂർ സൗത്ത് ഡിവിഷനിൽ 35 മാവിൻ തൈകൾ അവശേഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൃശ്ശൂർ ജില്ലയിലെ മാന്തോപ്പിന്റെ പരിപാലനം പഞ്ചായത്ത് അധികൃതരാണ് നടത്തുന്നത്. എറണാകുളം ജില്ലയിലെ മാന്തോപ്പിന്റെ തുടർപരിപാലനത്തിന് ഒരു വാച്ചറെ നിയോഗിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	ചെലവഴിച്ച തുക
2007-08	17,000
2008-09	18,500
2009-10	19,000
2010-11	21,000
2011-12	22,000
2012-13	28,088
2013-14	16,804

(സി) നട്ടുപിടിപ്പിച്ച മാവിൻതൈകളുടെ എണ്ണവും അതിൽ അവശേഷിക്കുന്ന മാവിൻതൈകളുടെ വിവരവും ചുവടെ ചേർക്കുന്നു :

നട്ടുപിടിപ്പിച്ച മാവിൻ തൈകൾ (ജില്ല തിരിച്ച്)		അവശേഷിക്കുന്ന മാവിൻ തൈകൾ
എറണാകുളം	-	100 90
തൃശ്ശൂർ	-	60 55
മലപ്പുറം	-	50 35

(ഡി) മാന്തോപ്പുകളിൽ നട്ട മാവിൽ നിന്നും കായ്ഫലം ലഭിച്ചു തുടങ്ങിയിട്ടില്ല.

(ഇ) സാമൂഹ്യവനവൽക്കരണ വിഭാഗത്തിനുകീഴിൽ മാന്തോപ്പിനായി കണ്ടെത്തിയ ഭൂമിയിൽ കയ്യേറ്റം നടന്നതായി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

വനഭൂമിയിൽ വെറ്ററിനറി സർവ്വകലാശാല നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

236 (6386) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെറ്ററിനറി സർവ്വകലാശാല ഇൻഡോർ സ്റ്റേഡിയത്തിനും ഹെലിപ്പാടിനും മറ്റുമായി വനഭൂമിയിൽ നടത്തിവന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ വനം വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly